**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 383** **13-03-2023 - ൽ മറുപടിയ്ക്ക്**

**സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണിയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പരിപാലിക്കുകയും അറ്റകുറ്റപണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. ആയതിലേക്കായി താൽക്കാലിക വാച്ചർമാരുടെയും വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെയും ഫീൽഡ് തല ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. സോളാർ ഫെൻസിംഗുകളുടെ അറ്റകുറ്റപണി കൾക്കായി 2021-22, 2022-23 വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫെൻസിംഗുകൾ പലയിടത്തും വള്ളിപടർപ്പ് കയറി ഉപയോഗശൂന്യമായിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | ദിവസവേതന വാച്ചർമാർ/വനസംരക്ഷണസമിതി അംഗങ്ങൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സേവനം ഉപയോഗിച്ച് ഫെൻസിംഗുകൾ പരിപാലിച്ചുവരുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോളാർ ഫെൻസിംഗുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോളാർ ഫെൻസിംഗുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്ക് 13.01.2023-ൽ കൂടിയ ജില്ലാതല കോ-ഓഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തെന്മല ഡിവിഷൻ പരിധിയിൽ ഇതു സംബന്ധിച്ച ഒരു പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സോളാർ ഫെൻസിംഗുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പരിപാലിക്കുന്നതിന് കോട്ടയം, മറയൂർ, മാങ്കുളം ഡിവിഷനുകളിലും നടപടികൾ സ്വീകരിച്ചു വരുന്നു. നോർത്തേൺ സർക്കിൾ കണ്ണൂരിൽ ഉൾപ്പെട്ടു വരുന്ന ഡിവിഷനുകളിലും തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സർക്കിൾ | 2021-22 | | 2022-23 | |
|---|---|---|---|---|
| | ദൂരം (കി.മീ) | തുക (ലക്ഷത്തിൽ) | ദൂരം (കി.മീ) | തുക (ലക്ഷത്തിൽ) |
| എ.ബി.പി | 10.00 | 5.45 | 10.00 | 0.42 |
| വൈൽഡ്ലൈഫ്, പാലക്കാട് | 3.65 | 4.49 | 12.06 | 14.87 |
| വൈൽഡ്ലൈഫ്, കോട്ടയം | 61.11 | 21.35 | 30.72 | 5.76 |
| ഈസ്റ്റേൺ സർക്കിൾ | 96.10 | 22.57 | 57.95 | 18.88 |
| സെൻട്രൽ സർക്കിൾ | 25.90 | 9.61 | 21.00 | 13.19 |
| സതേൺ സർക്കിൾ | 91.30 | 55.40 | 56.50 | 34.31 |
| നോർത്തേൺ സർക്കിൾ | 85.35 | 14.03 | 28.50 | 8.35 |
| ഹൈറേഞ്ച് സർക്കിൾ | 2.60 | 1.48 | 9.00 | 3.38 |
| **ആകെ** | **376.01** | **134.38** | **225.73** | **99.16** |